**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1695** **11-09-2023 - ൽ മറുപടിയ്ക്ക്**

**പത്മനാഭപുരം കൊട്ടാരത്തിന്റെയും പുരാവസ്തു മ്യൂസിയത്തിന്റെയും വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | പത്മനാഭപുരം കൊട്ടാരത്തിന്റെയും പുരാവസ്തു മ്യൂസിയത്തിന്റെയും വികസന പ്രവർത്തനങ്ങൾക്കായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | കേരള പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള തക്കല പത്മനാഭപുരം കൊട്ടാരത്തിന്റെ ഗ്യാലറികളുടെ പുനഃസജ്ജീകരണത്തിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്യാലറി സജ്ജീകരണ പ്രവൃത്തികൾ സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരളം മ്യൂസിയം) ആണ് നടത്തുന്നത്. ടി പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത ചരിത്ര നിർമ്മിതിയിലേക്ക് എത്തുന്ന റോഡുകളുടെ വികസനത്തിന് നടപടികൾ സ്വീകരിക്കുമോ; സന്ദർശകർക്ക് ഗുണകരമാവുന്ന രീതിയിൽ ആവശ്യമായ അടിസ്ഥാന ഗതാഗത സംവിധാനം ഉറപ്പ് വരുത്തുന്നതിന് തമിഴ് നാട് സർക്കാരുമായി ധാരണ ഉണ്ടാക്കുമോ? | (ബി) | തമിഴ്നാട്ടിലെ ടി റോഡുകളുടെ നവീകരണവും വികസന പ്രവർത്തനങ്ങളും തമിഴ്നാട് സർക്കാരിനു മാത്രമേ നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. പുരാവസ്തു വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ സാധ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ